32725

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - എക്സൈസ് - **W.P.(C) 10581/12, W.A.1516/12** എന്നീ കേസുകളിൽ ബഹു. ഹൈക്കോടതിയുടെ വിധിന്യായങ്ങൾ - ബാറുകളുടെ പ്രവർത്തന സമയം - 2011-12, 2012-13 വർഷങ്ങളിലെ അബ്കാരി നയങ്ങൾ - ഭേദഗതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**നികുതി (ജി) വകുപ്പ്**

ജി.ഒ. (എം.എസ്) നം. 260/2012/നി.വ. തിരുവനന്തപുരം, തീയതി, 10-12-2012.

പരാമർശം:- 1. 17-08-2011-ലെ, ജി.ഒ. (എം.എസ്) നം. 107/2011/നിവ.
2.19-07-2012-ലെ, ജി.ഒ. (എം.എസ്) നം. 130/2012/നിവ.
3. 18-04-2012-ലെ, ജി.ഒ. (പി) നം. 72/2012/നിവ.
4. **W.P.(C) 10581/12, W.A.1516/12** എന്നീ കേസുകളിലെ വിധിന്യായങ്ങൾ.

**ഉത്തരവ്**

പരാമർശം 1-ലെ സർക്കാർ ഉത്തരവിൽ, സംസ്ഥാനത്ത് ബാർ ഹോട്ടലുകളുടെ പ്രവർത്തന സമയം, പഞ്ചായത്ത്, മുനിസിപ്പാലിറ്റി പ്രദേശങ്ങളിൽ രാവിലെ 8 മണി മുതൽ 11 മണി വരെയും, കോർപ്പറേഷൻ പ്രദേശത്ത് രാവിലെ 9 മണി മുതൽ രാത്രി 12 മണി വരെയുമായി നിജപ്പെടുത്തിയിരുന്നു. ഈ ഉത്തരവിനെതിരെ കൊല്ലം സേവ്യേഴ്സ് റെസിഡൻസി ഹോട്ടൽ ഫയൽ ചെയ്ത **W.P.(C) 10581/12** -ലെ വിധിന്യായത്തിൽ വിവിധ പ്രദേശങ്ങളിൽ ബാർ ഹോട്ടലുകൾക്ക് വ്യത്യസ്ത സമയക്രമം നിഷ്കർഷിക്കുന്നത് ഭരണ ഘടനയിലെ ആർട്ടിക്കിൾ 14 വിഭാവനം ചെയ്യുന്ന തുല്യതാ നിയമത്തിന്റെ ലംഘനമാണെന്നും, വിവേചനപരമാണെന്നും ചൂണ്ടിക്കാണിച്ചിരുന്നു. ഈ വിധിക്കെതിരെ സർക്കാർ ഫയൽ ചെയ്ത **W.A.1516/12** -ന്റെ അന്തിമ വിധിയിൽ, സംസ്ഥാനത്തെ ബാറുകളുടെ സമയക്രമം പുന:ക്രമീകരിക്കുന്ന കാര്യം പരിഗണിക്കണമെന്ന് നിരീക്ഷിച്ചിരുന്നു.

2. ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. അതനുസരിച്ച്, സംസ്ഥാനത്തെ ബാർ ഹോട്ടലുകളുടെ പ്രവർത്തന സമയം, രാവിലെ 8 മണി മുതൽ രാത്രി 11 മണി വരെയായി, പ്രാദേശിക വ്യത്യാസമില്ലാതെ, നിജപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

3. പരാമർശം (1), (2) എന്നിവയിലെ സർക്കാർ ഉത്തരവുകൾ, മേൽപ്പറഞ്ഞ പ്രകാരം മാത്രം ഭേദഗതി ചെയ്യപ്പെട്ടിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം),
എ. അജിത് കുമാർ,
സെക്രട്ടറി.

1. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ /ആഡിറ്റ്), കേരളം തിരുവനന്തപുരം.
3. അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് മുഖേന).
4. സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം.
5. പൊതുഭരണ (SC) വകുപ്പ് (05-12-2012-ലെ, ഇനം നം.2697 പ്രകാരം).
6. വിവര, പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിനായി).
7. നികുതി (എ) വകുപ്പ്.
8. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ആഫീസർ